**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 10.01.2026**

## പ്രധാനവാർത്തകൾ

RNU TVPM

1. പ്രധാനമന്ത്രി നരേന്ദ്ര മോദി മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഗുജറാത്തിൽ എത്തി. സോമനാഥ് സ്വാഭിമാൻ പർവ് പരിപാടിയിൽ നാളെ പ്രധാനമന്ത്രി സംബന്ധിക്കും.

2. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ കേരള സന്ദർശനത്തിന് ഇന്ന് തുടക്കം. നാളെ തിരുവനന്തപുരത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും.

3. സംസ്ഥാനത്ത് സ്ഥാനാർത്ഥികളുടെ നിര്യാണത്തെത്തുടർന്ന് പ്രത്യേക തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച മൂന്ന് തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള പരസ്യപ്രചാരണം അവസാനിച്ചു. വോട്ടെടുപ്പ് തിങ്കളാഴ്ച.

4. ശബരിമല സ്വർണ്ണ അപഹരണ കേസിൽ അറസ്റ്റിലായ തന്ത്രി കണ്ഠര് രാജീവരുടെ ചെങ്ങന്നൂരിലെ വീട്ടിൽ **SIT** പരിശോധന.

5. മകരവിളക്ക് മഹോത്സവത്തിനു മൂന്നുദിനങ്ങൾ ശേഷിക്കേ സന്നിധാനത്തും പരിസരപ്രദേശങ്ങളിലും വൻ ഭക്തജനത്തിരക്ക്. നാളെ എരുമേലി പേട്ടതുള്ളൽ.
6. 11-ാമത് പ്രസിഡൻ്റ്സ് ട്രോഫി ജലോത്സവത്തിലും, അഞ്ചാമത് ചാമ്പ്യൻസ് ബോട്ട് ലീഗിലും പള്ളാതുരുത്തി ബോട്ട് ക്ലബ്ബിൻ്റ നിരണം ചുണ്ടൻ ജേതാവ്.

&&&&&&&&&&&&&&&

<u>പ്രധാനമന്ത്രി</u>

പ്രധാനമന്ത്രി നരേന്ദ്ര മോദി മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഗുജറാത്തിൽ എത്തി. സോമനാഥ് സ്വാഭിമാൻ പർവ് ഉൾപ്പെടെ വിവിധ പരിപാടികളിൽ പ്രധാനമന്ത്രി നാളെ പങ്കെടുക്കും. രാജ്കോട്ട്, അഹമ്മദാബാദ്, ഗാന്ധിനഗർ എന്നിവിടങ്ങളിലെ പ്രധാന വികസന പരിപാടികൾക്കും അദ്ദേഹം തുടക്കം കുറിക്കും.

RNU TVPM

&&&&&&&&&&&&&&&

<u>ജർമ്മൻ ചാൻസലർ</u>

ജർമ്മൻ ചാൻസലർ ഫ്രെഡ്രിക്ക് മെർസ് രണ്ടു ദിവസത്തെ സന്ദർശനത്തിനായി മറ്റന്നാൾ ഇന്ത്യയിലെത്തും. അഹമ്മദാബാദിൽ ജർമ്മൻ ചാൻസലറുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഉഭയകക്ഷി ചർച്ചകൾ നടത്തും. അദ്ദേഹത്തിൻറെ ആദ്യത്തെ ഔദ്യോഗിക ഇന്ത്യാ സന്ദർശനമാണിത്.

&&&&&&&&&&&&&&&

## അമിത് ഷാ (ഇൻട്രോ)

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് കേരളത്തിലെത്തും. ഇന്നു രാത്രി തിരുവനന്തപുരത്തെത്തുന്ന അദ്ദേഹം വിവിധ പരിപാടികളിൽ പങ്കെടുക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

(വോയിസ്)

കേന്ദ്ര മന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഇന്ന് രാത്രി 7.00 മണി മുതൽ 11.30 വരെയും നാളെ രാവിലെ 07.00 മുതൽ വൈകുന്നേരം 06.00 മണി വരെയും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

**&&&&&&&&&&&&&&&**

## ഹൈക്കോടതി ചീഫ് ജസ്റ്റിസ്

കേരള ഹൈക്കോടതിയുടെ പുതിയ ചീഫ് ജസ്റ്റിസായി സൗമെൻ സെൻ ഇന്ന് സത്യപ്രതിജ്ഞ ചെയ്തു. കേരള ലോക് ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി പിണറായി വിജയൻ, സ്പീക്കർ എ.എൻ. ഷംസീർ, തിരുവനന്തപുരം മേയർ വി.വി. രാജേഷ്, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ജസ്റ്റിസ് നിതിൻ മധുകർ ജാംദാർ വിരമിച്ചതിനെത്തുടർന്നാണ് ജസ്റ്റിസ് സൗമെൻ സെൻ ചുമതലയേറ്റത്.

**&&&&&&&&&&&&&&&**

RNUTVPM

**<u>വികസിത് ഭാരത് യംഗ് ലീഡേഴ് സ് ഡയലോഗ്</u>**

ശക്തവും സമൃദ്ധവുമായ ഇന്ത്യയെ കെട്ടിപ്പടുക്കുന്നതിനുള്ള പ്രേരകശക്തി രാജ്യത്തെ യുവജനങ്ങളാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. യുവാക്കൾ എല്ലായ്പ്പോഴും രാഷ്ട്രത്തിൻറെ വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടി ഉറച്ചുനിൽക്കുന്നുവെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. ഈ മാസം 12ന് ന്യൂഡൽഹിയിൽ നടക്കുന്ന വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗിൻറെ സമാപന സമ്മേളനത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

**&&&&&&&&&&&&&&&**

**<u>വോട്ടെടുപ്പ് തിങ്കളാഴ്ച (ഇൻട്രോ)</u>**

RNU TVPM

സ്ഥാനാർത്ഥികളുടെ നിര്യാണത്തെത്തുടർന്ന് പ്രത്യേക തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച മൂന്ന് തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള പരസ്യപ്രചാരണം അവസാനിച്ചു. വോട്ടെടുപ്പ് തിങ്കളാഴ്ച നടക്കും. തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം വാർഡ്, മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിലെ പായിമ്പാടം വാർഡ്, എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ ഓണക്കൂർ വാർഡ് എന്നിവിടങ്ങളിലാണ് പ്രത്യേക തിരഞ്ഞെടുപ്പ് നടക്കുന്നത്. രാവിലെ 7 മണി മുതൽ വൈകുന്നേരം 6 വരെയാണ് വോട്ടെടുപ്പ് .

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്........**

**(വോയിസ്)**

**&&&&&&&&&&&&&&&**

## ശബരിമല-എസ്.ഐ.ടി.

ശബരിമല സ്വർണ്ണ അപഹരണ കേസിൽ അറസ്റ്റിലായ തന്ത്രി കണ്ഠര് രാജീവരുടെ ചെങ്ങന്നൂർ മുണ്ടൻ കാവിലെ വീട്ടിൽ എസ്.ഐ.ടി. പരിശോധന. ഉണ്ണികൃഷ്ണൻ പോറ്റിയുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച വിവരങ്ങളാണ് സംഘം അന്വേഷിക്കുന്നത് . അതേസമയം, കേസിൽ റിമാൻഡിൽ കഴിയുന്ന ശബരിമല തന്ത്രി കണ്ഠരര് രാജീവരെ ദേഹാസ്വാസ്ഥ്യത്തെ തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കേസുമായി ബന്ധപ്പെട്ട് ഇന്നലെ എസ് ഐ ടി അറസ്റ്റ് ചെയ്ത തന്ത്രിയെ കൊല്ലം വിജിലൻസ് കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്യുകയായിരുന്നു.

&&&&&&&&&&&&&&&

## എസ് ഐ ടി - എം വി ഗോവിന്ദൻ

ശബരിമല വിഷയത്തിൽ തന്ത്രിയുടെ അറസ്റ്റ് എസ്സ് ഐ ടി നടപടിയെന്ന് സി പി ഐ- എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പറഞ്ഞു. എസ്സ് ഐ ടി അന്വേഷണം ശരിയായ ദിശയിലാണെന്നും അദ്ദേഹം തിരുവന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു .

&&&&&&&&&&&&&&&

## പരീക്ഷ പേ ചർച്ച

2026ലെ പരീക്ഷ പേ ചർച്ചയിലേക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ നാല് കോടി പിന്നിട്ടു. കഴിഞ്ഞ വർഷത്തെ ഗിന്നസ് വേൾഡ് റെക്കോർഡായ മൂന്ന് കോടി അമ്പത് ലക്ഷത്തിലധികം രജിസ്ട്രേഷനുകൾ എന്ന റെക്കോഡാണ് ഇത്തവണ മറികടന്നത്. പരീക്ഷാ പേ ചർച്ച യുവജനങ്ങൾക്ക്

RNU TVPM

സമ്മർദ്ദരഹിതമായ അന്തരീക്ഷം സൃഷ്ടിക്കാൻ ലക്ഷ്യമിട്ടുള്ള രാജ്യവ്യാപക പ്രസ്ഥാനമായി മാറിയെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ സമൂഹമാധ്യമത്തിൽ കുറിച്ചു.

**&&&&&&&&&&&&&&&**

<u>മകരവിളക്ക്-ശബരിമല(ഇ ൻട്രോ)</u>

മകരവിളക്ക് മഹോത്സവത്തിനു മൂന്നുദിനങ്ങൾ ശേഷിക്കേ സന്നിധാനത്തും പരിസരപ്രദേശങ്ങളിലും തീർഥാടകർ തമ്പടിച്ചു തുടങ്ങി. 13,14തീയതികളിൽ ഭക്തരുടെ എണ്ണം ഹൈക്കോടതി നിജപ്പെടുത്തി. എരുമേലിയിൽ ഇന്ന് ചന്ദനക്കുട മഹോത്സവമാണ്. നാളെ പേട്ടതുള്ളൽ നടക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ ത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ........**

**(വോയിസ്)**

RNU TVPM

**&&&&&&&&&&&&&&&**

<u>എസ് ഐ ആർ</u>

സംസ്ഥാനത്ത് വോട്ടർ പട്ടികയുടെ തീവ്ര പരിഷ്ക്കരണത്തിൻറെ ഭാഗമായി കരടു വോട്ടർ പട്ടിക പുറത്തിറക്കിയ ശേഷം അതിൽ ഉൾപ്പെടുത്താനായി 44,106 പ്രവാസികളുടെ അപേക്ഷ ലഭിച്ചു. വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ഫോം ആറിൽ അപേക്ഷിച്ചിട്ടുള്ള രണ്ടു ലക്ഷത്തി 16,873 പേർക്കു പുറമേയാണിത്.

**&&&&&&&&&&&&&&&**

<u>ജലോത്സവം</u>

11-ാമത് പ്രസിഡൻ്റ്സ് ട്രോഫി ജലോത്സവത്തിലും, അഞ്ചാമത് ചാമ്പ്യൻസ് ബോട്ട് ലീഗിലും പള്ളാതുരുത്തി ബോട്ട് ക്ലബ്ബിൻ്റ നിരണം ചുണ്ടൻ ജേതാവ്. അഷ്ടമുടിക്കായലിൽ നടന്ന മത്സരങ്ങളിൽ കാരിച്ചാൽ വില്ലേജ് ബോട്ട്ക്ലബ്ബിൻ്റെ വീയപുരം ചുണ്ടൻ CBL ഓവറോൾ ചാമ്പ്യനായി.

**&&&&&&&&&&&&&&&&**

**വന്യജീവി ശല്യം രൂക്ഷമാകുന്നു-ഇടുക്കി(ഇൻട്രോ)**

ഇടുക്കിയിലെ ഏലപ്പാറ, വാഗമൺ തുടങ്ങിയ ജനവാസ - ടൂറിസം മേഖലകളിൽ വന്യജീവി ശല്യം രൂക്ഷമാകുന്നു. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ വന്യമൃഗങ്ങളുടെ ആവാസകേന്ദ്രമാകുന്നത് ജനങ്ങളെയും സഞ്ചാരികളെയും ഒരുപോലെ ഭീതിയിലാഴ്ത്തുകയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അടിയന്തര ഇടപെടലാണ് ജനങ്ങളുടെ ആവശ്യം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

**(വോയിസ്)**

RNU TVPM

**&&&&&&&&&&&&&&&&**

**സിഗ്നേച്ചർ മാർട്ട് - ജി. ആർ. അനിൽ**

സംസ്ഥാനത്തെ സ്വകാര്യ സൂപ്പർ മാർക്കറ്റുകളിലും ഗൾഫ് രാജ്യങ്ങളിലും സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ വിൽക്കുന്നതിനുള്ള നടപടികൾ നടന്നു വരികയാണെന്ന് മന്ത്രി ജി. ആർ. അനിൽ . സപ്ലൈകോയുടെ സംസ്ഥാനത്തെ ആദ്യ സിഗ്നേച്ചർ മാർട്ട് കണ്ണൂർ തലശ്ശേരിയിൽ ഉദ്ഘാടനം

ചെയ്യുകയായിരുന്നു അദ്ദേഹം . പുതിയ കാലത്തിനനുസരിച്ച് സപ്ലൈകോ വില്പനശാലകളും പരിഷ്ക്കരിക്കുകയാണെന്നും ഓരോ ജില്ലയിലും ഒരു സിഗ്നേച്ചർ മാർട്ട് വീതം സ്ഥാപിക്കാനാണ് സപ്ലൈകോ പദ്ധതിയിടുന്നത് എന്നും മന്ത്രിപറഞ്ഞു

&&&&&&&&&&&&&&&

## നഷ്ടപരിഹാരം

കണ്ണൂർ ഇരിട്ടിയിൽ നാല് പശുക്കളെ കടുവ അക്രമിച്ച് കൊന്ന സംഭവത്തിൽ ഉടമയ്ക്ക് നഷ്ടപരിഹാരം നൽകാൻ തീരുമാനം. തുകയുടെ 80 ശതമാനം വനംവകുപ്പിൻറെ ഫണ്ടിൽ നിന്നും അടിയന്തരമായി അനുവദിക്കും. ബാക്കി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമെന്ന് ഇരിട്ടി ഡെപ്യൂട്ടി തഹസിൽദാർ അറിയിച്ചു. പ്രദേശത്ത് ഭീതി പരത്തിയ കടുവയെ കഴിഞ്ഞദിവസം വനംവകുപ്പ് പിടികൂടിയിരുന്നു.

RNUTVPM

&&&&&&&&&&&&&&&

## ക്ഷീര മേഖല

ഗ്രാമീണ മേഖലയുടെ സമ്പദ് വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനും സ്ത്രീ ശാക്തീകരണം ഉറപ്പാക്കുന്നതിനും ക്ഷീര മേഖലയിലെ വളർച്ച അനിവാര്യമാണെന്ന് നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ് ചെയർമാൻ മീനേഷ് സി. ഷാ. രാജ്യത്തെ GDPയുടെ നാലര ശതമാനം സംഭാവന ചെയ്യുന്നത് ക്ഷീര മേഖലയാണെന്നും അദ്ദേഹം പറഞ്ഞു. സതേൺ ഡയറി ആന്റ് ഫുഡ് കോൺക്ലേവിന്റെ സമാപന സമ്മേളനം കോഴിക്കോട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&

<u>മുഹമ്മദ് റിയാസ്</u>

കോഴിക്കോട് ഫറോക്ക് ഓൾഡ് നാഷണൽ ഹൈവേയിൽ നടപ്പിലാക്കി വരുന്ന റീ ടാറിങ് നവീകരണ പ്രവർത്തിയുടെ ഗുണനിലവാരം ഉറപ്പാക്കാൻ മന്ത്രി പി. എ. മുഹമ്മദ് റിയാസ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചാണോ റീ ടാറിങ് നടപ്പിലാക്കുന്നത് എന്നത് പരിശോധിക്കാനാണ് നിർദേശം. പരിശോധനയിൽ വീഴ്ച്ച കണ്ടെത്തിയാൽ ഉത്തരവാദികളായ മുഴുവൻ പേർക്കെതിരെയും കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&

&&&&&&&&

&&&

RNU TVPM